DESPATCHED
On..25/02/2020

4/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.539(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6785/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. മദനൻ ടി.വി.
മുട്ടിച്ചരൽ, ഇരിയ,
കാസർഗോഡ് – 671 531.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
കാഞ്ഞങ്ങാട്, കാസർഗോഡ്.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/05/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/06/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 08/05/2017 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 19/05/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/06/2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/06/2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസർഗോഡ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. മദനൻ ടി.വി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എതിർകക്ഷി വ്യക്തമായ മറുപടി നൽകില്ല എന്നും നാളിതുവരെ എത്ര ആർ.ടി.എസ്. അപേക്ഷകൾ എതിർകക്ഷി ഓഫീസിൽ ലഭിച്ചു എന്നത് സംബന്ധിച്ച വിവരം നൽകാതെ കോപ്പിക്ക് ഫീസ് ഒടുക്കാനാണ് അറിയിച്ചത് എന്നും എത്ര അപേക്ഷകളുണ്ടെന്നോ മേൽപ്പടി അപേക്ഷകൾ എത്ര പേജുണ്ടെന്നോ ടിയാനെ അറിയിച്ചിട്ടില്ലെന്നും കൂടാതെ ആർ.ടി.എസ്. ആക്ട് പ്രകാരമുള്ള അപ്പീൽ ഫോം നമ്പർ:III –ൽ നൽകാത്തതിനാൽ തള്ളിയത് മേൽ നിയമം 9(2) പ്രകാരം എന്ന് തെറ്റായ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ചോദ്യങ്ങൾക്കും വിശകലനങ്ങൾക്കും മറുപടി നലകേണ്ടതില്ല എന്നു പ്രസ്താവിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ശ്രീ.എം.ബി. ആലാമി ആർ.ഡി.ഒ.യ്ക്ക് സമർപ്പിച്ച ആർ.ടി.എസ്. ആക്ട് പ്രകാരമുള്ള അപ്പീലിന്റെ കോപ്പി നൽകണമെന്നും

ii. മേൽ ഫയലിലുള്ള ഓഫീസ് നോട്ട് മുഴുവനായി നൽകണമെന്നും

iii. ആർ.ടി.എസ്. ആക്ട് പ്രകാരം എതിർകക്ഷി ഓഫീസിൽ എത്ര അപ്പീൽ ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും അതിന്റെ കോപ്പി നൽകണമെന്നും

iv. ഫോം III-ൽ ഇല്ലാത്ത അപ്പീൽ തള്ളിയത് ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3, 8 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ 21 പേജുകളിലായി ലഭ്യമാണെന്നും ആയത് പേജൊന്നിന് 2/- രൂപ പ്രകാരം 42/- രൂപ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും 4-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, 2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ട് സെക്ഷൻ 9-ൽ 2 പ്രകാരമാണ് ഫോം- III -ൽ അല്ലാത്ത അപ്പീൽ അപേക്ഷ തള്ളിയതെന്നും 8-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, 2015-16 വർഷം 5 ആർ.ടി.ഐ. അപ്പീലുകൾ ലഭിച്ചിട്ടുണ്ടെന്നും 9-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, ആർ.ടി.ഐ. ആക്ട് പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ഫോം ഇല്ല എന്നും 10-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, ആർ.ടി.എസ്. ആക്ട് പ്രകാരം സേവനങ്ങൾ പ്രദാനം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പദവി നിയുക്ത ഉദ്യോഗസ്ഥൻ എന്നാണെന്നും മറ്റുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ആർ.ടി.എസ്. പ്രകാരമുള്ള ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയ അപ്പീൽ തള്ളിയത് ഫോറം-III ൽ നിഷ്കർഷിക്കുന്ന മാതൃകയിൽ ആവശ്യമായ രേഖകൾ ഉൾക്കൊള്ളിക്കാത്തതിനാലാണെന്നും ആയതിനെതിരെ ശ്രീ. ആലാമി 18.5.2016 തീയതിയിൽ എഴുതിയതും 23.5.2016 തീയതി മേൽപ്പടി ഓഫീസിൽ ലഭിച്ചതുമായ കത്തിന് മറുപടിയായി ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിന്റെ കോപ്പി സഹിതം അപേക്ഷ സമർപ്പിച്ചാൽ സേവനാവകാശ പ്രകാരമുള്ള അപ്പീൽ ഹർജി പരിഗണിക്കാമെന്നു 15.6.2016 തീയതി അറിയിച്ചിരുന്നുവെങ്കിലും ടിയാൻ ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല എന്നും ആവശ്യമായ രേഖകൾ ഹാജരാകാത്തതിനാൽ ആർ.ടി.എസ്. അപ്പീൽ തള്ളി ഉത്തരവാക്കിയിരുന്നു എന്നും പരാമർശിത കാലഘട്ടത്തിൽ ആർ.ടി.എസ്.നിയുക്ത ഉദ്യോഗസ്ഥ കുമാരി ജോഷി മൃൺമയി ശശാങ്ക് ആയിരുന്നു എന്നും ആർ.ടി.എസ്. ഫയലുകൾ കൈകാര്യം ചെയ്തിരുന്നത് ശ്രീ. കൃഷ്ണൻ ടി.സി. എന്ന ക്ലാർക്കായിരുന്നു എന്നും 18.5.2016 തീയതി രേഖപ്പെടുത്തി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ 31.5.16 തീയതിയാണ് എതിർകക്ഷി ഓഫീസിൽ ലഭിച്ചത് എന്നും ആയതിന്മേൽ 15.6.2016 തീയതി മറുപടി നൽകിയിരുന്നു എന്നും മേൽപ്പടി മറുപടിയ്ക്കെതിരെ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 1, 2, 3, 8 എന്നീ ഇനങ്ങളിലായി ആവശ്യപ്പെട്ട രേഖകൾ സംബന്ധിച്ച് മൊത്തത്തിലുള്ള മറുപടിയാണ് നൽകിയിട്ടുളളതെന്നു കാണുന്നു. വിവരാവകാശ നിയമപ്രകാരം മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾക്കായി ഓരോ ഇനം സംബന്ധിച്ചും വ്യക്തമായ മറുപടി വിവരാവകാശ നിയമത്തിലെ 7(3) (എ) വകുപ്പ് പ്രകാരം നൽകേണ്ടതായിരുന്നു. മേൽപ്പടി ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ സംബന്ധിച്ച് ഫീസ് ഒടുക്കേണ്ട വിവരം ലഭിക്കുന്ന അവസരത്തിൽ ഏതെല്ലാം രേഖകൾ ഫീസ് ഒടുക്കി കൈപ്പറ്റണമെന്ന് തീരുമാനിക്കാനുള്ള അവകാശം ഹർജിക്കാരന്റേതാണ്. ആയതിനാൽ ഓരോ ഇനം സംബന്ധിച്ചും ഫീസ് ഒടുക്കേണ്ടത് സംബന്ധിച്ച വിവരം വ്യക്തമായി നൽകിയിട്ടില്ലാത്തതിനാൽ മേൽപ്പടി ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി ലഭിക്കുവാനുള്ള അർഹത ടിയാന് ഉണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപ്രകാരം തന്നെ ഹർജിക്കാരന്റെ അപേക്ഷയിലെ 3–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വ്യക്തമായി എതിർകക്ഷി നൽകിയിട്ടില്ല എന്നു കാണുന്നു. ആർ.ടി.എസ്. ആക്ട് പ്രകാരം എതിർകക്ഷി ഓഫീസിൽ നാളിതുവരെ എത്ര അപ്പീൽ ലഭിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് എതിർകക്ഷി വ്യക്തമായ വിവരം ഹർജിക്കാരന് നൽകേണ്ടതായിരുന്നു എന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. 4–ാം ഇനം സംബന്ധിച്ച് ഹർജിക്കാരനെ അറിയിച്ചത്, ഫോം III –ൽ അല്ലാത്ത അപ്പീൽ തളളിയത് സേവനാവകാശ ആക്ട് സെക്ഷൻ 9(2) പ്രകാരമാണെന്നാണ്. എന്നാൽ 27.10.2016 തീയതി എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഫോം III നിർബന്ധമാക്കി ഉത്തരവ് ഇട്ടിട്ടില്ല എന്നാണ്. ആയതിനാൽ മേൽപ്പടി ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടിയിൽ അവ്യക്തതയുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽ കാര്യം പരിശോധിച്ച് വ്യക്തതയുള്ള മറുപടി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നാൽ 4–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ ഉത്തരവിലോ രേഖപ്പെടുത്തിയിട്ടുളളതാണെങ്കിലാണ് ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരമുള്ള 'വിവരം'എന്നതിന്റെ പരിധിയിൽ വരുന്നത്. ആയതിനാൽ മേൽപ്പടി ഇനം സംബന്ധിച്ച് മറുപടി നൽകുമ്പോൾ കമ്മീഷൻ മേൽ ചൂണ്ടിക്കാട്ടിയ വസ്തുതയും എതിർകക്ഷി പരിഗണിക്കേണ്ടതാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ 5, 6, 7 എന്നീ ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ ഉത്തരവിലോ മേൽപ്പടി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ഹർജിക്കാരന് നൽകേണ്ടതാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. അത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ ഇല്ലെങ്കിൽ അക്കാര്യം വ്യക്തമായി ഹർജിക്കാരനെ അറിയിക്കേണ്ടതുമാണ്. 10–ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് നൽകിയിട്ടില്ല എന്നും പദവി മാത്രമാണ് നൽകിയിട്ടുളളതെന്നും കാണുന്നു. ആയതിനാൽ മേൽപ്പടി ഇനത്തിൽ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

5. ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ വിവരങ്ങൾ സംബന്ധിച്ച് ആക്ഷേപമുണ്ടായിരുന്നുവെങ്കിൽ ആയത് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച ശേഷമാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം

അപ്പീൽ അപേക്ഷയുമായി സമീപിക്കേണ്ടിയിരുന്നതെന്ന് ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 4–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

RIGHT TO INFORMATION